**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - അഴിക്കോട്, സീതിസാഹിബ് മെമ്മോറിയൽ ഹൈസ്കൂളിലെ അധ്യാപകനായി വിരമിച്ച ശ്രീ.പി.എ.സീതി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി 31261/2018 നം. ഹർജിയിന്മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

Downloaded Copy - Association of Retired Teachers (ART) Farook College

**സ.ഉ(സാധാ) നം.8515/2019/ധന** **തിരുവനന്തപുരം, തീയതി:29/10/2019**

---

പരാമർശം - 1.ശ്രീ.പി.എ.സീതി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 31261/2018 നമ്പർ ഹർജിയിന്മേലുള്ള ബഹു.കോടതിയുടെ 28.06.2019- ലെ വിധി.

2.10.08.2018-ലെ സ.ഉ(പി) നം.128/2018/ധന സർക്കാർ ഉത്തരവ് (SRO No.572/2018).

3.28.10.2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 401/2019/ധന

## ഉത്തരവ്

അഴിക്കോട്, സീതിസാഹിബ് മെമ്മോറിയൽ ഹൈസ്കൂളിൽ നിന്നും അധ്യാപകനായി 31.03.2018-ൽ വിരമിച്ച ശ്രീ.പി.എ.സീതിയ്ക്ക് ടിയാൾ സ്ഥിരം സർവ്വീസിൽ വരുന്നതിന് മുൻപ് 04.01.1988 മുതൽ 16.02.1996 വരെയുള്ള വിവിധ കാലഘട്ടങ്ങളിലായി, 6 വർഷം 10 മാസം 20 ദിവസത്തെ താൽകാലിക ഭ്രംശ സേവന കാലയളവുണ്ടായിരുന്നെന്ന് വ്യക്തമാക്കി പ്രസ്തുത കാലം കൂടി സ്ഥിരം സർവ്വീസിനൊപ്പം ഉൾപ്പെടുത്തി ആകെ സേവന കാലം കണക്കാക്കുന്നതിലേയ്ക്ക് പരാമർശം (1)ലെ ഹർജി ഫയൽ ചെയ്യുകയും ബഹു.കോടതി 28.06.2019-ലെ അനുകൂല വിധി പുറപ്പെടുവിക്കുകയുമുണ്ടായി.

എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെയും/സർക്കാർ സർവ്വീസിലെ ജീവനക്കാരുടെയും സ്ഥിരം സർവ്വീസിലേയ്ക്ക് വരുന്നതിന് മുൻപുള്ള എയ്ഡഡ് സ്കൂളുകളിലെ താൽകാലിക ഭ്രംശ കാലയളവ്/അവധി കാല സേവനകാലയളവ് എന്നിവ സംബന്ധിച്ച് കെ.എസ്.ആർ പാർട്ട് III ചട്ടം 14 E- യിൽ പരാമർശം (2) പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ആയത് പ്രകാരം മേൽ പരാമർശിത സേവനകാലം ടി ഉത്തരവിന്റെ തീയതിയ്ക്ക് മുൻപുള്ള തീയതി വരെ പെൻഷന് യോഗ്യമായതിനാൽ 10.08.2018 ന് മുൻപ് വിരമിച്ചവർക്ക് അവരുടെ താൽകാലിക ഭ്രംശ കാലയളവ്/അവധികാല സേവനകാലയളവ് പെൻഷന് യോഗ്യ സേവനകാലയളവായി കണക്കാക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.എ.സീതിയുടെ വിരമിക്കൽ തീയതി 31.03.2018 ആയതിനാൽ ടിയാൾ സ്ഥിരം തസ്തികയിൽ വരുന്നതിന് മുൻപ് 04.01.1988 മുതൽ 16.02.1996 വരെയുള്ള വിവിധകാലഘട്ടങ്ങളിലായി ജോലി നോക്കിയ താൽക്കാലിക ഭ്രംശ കാലയളവ് കൂടി കണക്കിലെടുത്ത് ശ്രീ.പി.എ.സീതിയുടെ ആകെ യോഗ്യമായ സേവന കാലയളവ് പുന:നിർണ്ണയിക്കാൻ ബന്ധപ്പെട്ട പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) ലെ ബഹു.കോടതി വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**രാജശ്രീ.കെ**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
ലെയ്സൺ ഓഫീസർ(ധനകാര്യം), അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം.
ശ്രീ.പി.എ.സീതി, Pathiyasseri House, Pullut, തൃശ്ശൂർ-680663
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ,തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,ഇരിഞ്ഞാലക്കുട
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [ E-999527 File No:Pen-B2/115/2018-FIN)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**